**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3490** **26-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ കുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 ന് ശേഷം സോയിൽ കൺസർവേഷൻ വകുപ്പ് ആലപ്പുഴ ജില്ലയിൽ എത്ര കുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (എ) | 2016-ന് ശേഷം മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ഒമ്പത് കുളങ്ങളുടെ നവീകരണമാണ് ആലപ്പുഴ ജില്ലയിൽ പൂർത്തിയാക്കിയിട്ടുള്ളത്. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | മാവേലിക്കര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടെയുള്ള കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച 23 കുളങ്ങളിൽ ഒമ്പത് കുളങ്ങളുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നവീകരണ പ്രവൃത്തി പൂർത്തീകരിക്കാത്ത കുളങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | പതിമൂന്നാം ധനകാര്യ കമ്മീഷൻ കാലയളവിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്ക് 258.64 ലക്ഷം രൂപ പതിനാലാം ധനകാര്യ കമ്മീഷൻ ധനസഹായത്തിൽ നിന്നാണ് ലഭ്യമായത്. പതിനാലാം ധനകാര്യ കമ്മീഷനിൽ നിന്നും, രണ്ടാം കുട്ടനാട് പാക്കേജിൽ നിന്നും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് പദ്ധതികളൊന്നും തന്നെ ലഭിച്ചിട്ടില്ല. 2010 കാലഘട്ടത്തിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം തയ്യാറാക്കിയ പദ്ധതികൾ നിലവിൽ നടപ്പാക്കണമെങ്കിൽ 2018-ലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം പദ്ധതിരേഖ പുതുക്കി തയ്യാറാക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവുള്ളതിനാൽ ത്രിതല പഞ്ചായത്തുകളിലെ പദ്ധതി വിഹിതം ലഭ്യമാകുന്ന പക്ഷം മാത്രമേ ടി കുളങ്ങളുടെ തൽസ്ഥിതി പരിശോധിച്ച് നിലവിലെ സാഹചര്യത്തിൽ നവീകരണം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം-I</u>**

**2016-ന് ശേഷം ആലപ്പുഴ ജില്ലയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നവീകരിച്ച കുളങ്ങളുടെ പട്ടിക**

| ക്രമ നം. | കുളത്തിന്റെ പേര് | നിയോജക മണ്ഡലം |
|---|---|---|
| 1 | ചെമ്പന്തറ ക്ഷേത്രക്കുളം | ആലപ്പുഴ |
| 2 | താനാകുളം | ആലപ്പുഴ |
| 3 | തൃക്കോവിൽ ക്ഷേത്രക്കുളം | ആലപ്പുഴ |
| 4 | കണക്കൂർ ക്ഷേത്രക്കുളം | ആലപ്പുഴ |
| 5 | പൊന്നുരുട്ട് ക്ഷേത്രക്കുളം | കായംകുളം |
| 6 | ചേരാവള്ളക്കുളം | കായംകുളം |
| 7 | ഒതേനക്കുളം | കായംകുളം |
| 8 | ശാസ്താ കുളം | മാവേലിക്കര |
| 9 | പുന്തല ക്ഷേത്രക്കുളം | ചെങ്ങന്നൂർ |

**അനുബന്ധം – II**

## നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലാത്ത കുളങ്ങളുടെ പട്ടിക

| ക്രമ നം. | കുളത്തിന്റെ പേര് | പഞ്ചായത്ത് |
|---|---|---|
| 1 | മാധവശേരി കുളം | പാലമേൽ |
| 2 | കിടപ്പാടം കുളം | പാലമേൽ |
| 3 | കവിനാൽ കുളം | നൂറനാട് |
| 4 | വേലത്ത് കിഴക്കേകുളം | നൂറനാട് |
| 5 | കുന്നിൽ കുളം | ചുനക്കര |
| 6 | കാഞ്ഞിക്കൽ കുളം | തെക്കേക്കര |
| 7 | കുരുട്ടിയിൽ കുളം | തഴക്കര |
| 8 | വാതുകുളങ്ങര ക്ഷേത്രക്കുളം | തെക്കേക്കര |
| 9 | പുത്തൻ കുളം | തെക്കേക്കര |
| 10 | വേളൂർ കുളം | മാവേലിക്കര മുൻസിപ്പാലിറ്റി |
| 11 | കാട്ടുകുളം | മാവേലിക്കര മുൻസിപ്പാലിറ്റി |
| 12 | അനിക്കുന്നത്തുകുളം | പാലമേൽ |
| 13 | പനയിയാൽ കുളം | പാലമേൽ |
| 14 | വടക്കേടത്തുകാവു കുളം | നൂറനാട് |